# ഡോ ദേവയാനി ഘോബ്രഗഡേക്ക് നയതന്ത്ര പരിരക്ഷ

ജനുവരി 10, 2014

ഐക്യരാഷ്ട്ര സംഘടനയില് ഇന്ത്യയുടെ സ്ഥിര ദൌത്യ സംഘത്തിലെ കൌണ്സെലര് ഡോ. ദേവയാനി ഘോബ്രഗഡേക്ക് ഐക്യരാഷ്ട്ര സംഘടനയും അമേരിക്കയും തമ്മിലുള്ള ഹെഡ് ക്വാര്ട്ടേഴ്സ് കരാറിലെ പതിനഞ്ചാം വകുപ്പ് വ്യവസ്ഥകള് പ്രകാരം ഒരു നയതന്ത്ര നയതന്ത്രപ്രതിനിധിക്കു ലഭിക്കുന്ന അവകാശങ്ങളും പരിരക്ഷയും നല്കുവാന് ജനുവരി എട്ടിന് (ജനുവരി 08, 2014) തീരുമാനിച്ചു. അതേ സമയം യു എസ് ഗവണ്മെന്റ് ഇന്ത്യാ ഗവണ്മെന്റിനോട് കൌണ്സെലര് ഘോബ്രഗഡെക്ക് പരിരക്ഷ കൊടുക്കരുതെന്ന് അഭ്യര്ഥിച്ചിരുന്നു.

ജനുവരി ഒന്പതിന് (ജനുവരി 09, 2014) ഇന്ത്യാ ഗവണ്മെന്റ് ഇങ്ങിനെ ചെയ്യുന്നതില് നിന്നും പിന്വാങ്ങുകയും കോണ്സലര് ഘോബ്രാഗഡയെ ന്യൂ ഡെല്ഹി വിദേശകാര്യ മന്ത്രാലയത്തിലേക്ക് സ്ഥലംമാറ്റം ചെയ്യുകയും ചെയ്തു.

ഇന്ത്യയിലേക്ക് മടങ്ങും മുന്പെ കൌണ്സലര് ഘോബ്രഗഡെ തനിക്കെതിരെ നടന്ന കുറ്റാരോപണത്തില് തന്റെ നിരപരാധിത്വം ആവര്ത്തിച്ചു പറഞ്ഞു. ഇന്ത്യാ ഗവണ്മെന്റ്, പ്രത്യേകിച്ചു വിദേശകാര്യ മന്ത്രി , ഇന്ത്യയിലെ ജനങ്ങള് , മാധ്യമങ്ങള് എന്നിവര് ഈ കാലയളവില് തനിക്ക് നല്കിയ ശക്തമായ , സുസ്ഥിരമായ പിന്തുണക്ക് അവര് നന്ദി പറഞ്ഞു.

ഈ സംഭവം തന്റെ കുടുംബം , പ്രത്യേകിച്ചു അമേരിക്കയില് തന്നെയുള്ള തന്റെ കുട്ടികള് എന്നിവരില് എന്നന്നേക്കുമുള്ള ആഘാതം ഉണ്ടാക്കില്ലെന്ന് ഉറപ്പ് വരുത്തുവാന് താന് ശ്രമിക്കുമെന്ന് അവര് ഉറപ്പിച്ച് പറഞ്ഞു.

ന്യൂ ഡെല്ഹി
**ജനുവരി 10, 2013**